LIBRARY ARCHIVES Kerala Legislative Assembly

പട്ടയം ഇല്ലാത്തതിനാൽ വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭ്യമാകാത്ത സ്ഥിതി വിശേഷം

16 (*556) ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീ. ബാബു പോൾ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള തോട്, പുഴ പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം ഇല്ലാത്തതിനാൽ വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭ്യമാകാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(സി) ഇത്തരത്തിൽ ലഭ്യമായിട്ടുള്ള അപേക്ഷകൾ സർക്കാരിന്റെ പരിഗണനയ്ക്ക് ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത്തരം അപേക്ഷകളിൽ കൈക്കൊണ്ടിട്ടുള്ള തീരുമാനം വിശദമാക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ പുറമ്പോക്ക് ഭൂമി, കൈവശക്കാർക്ക് പതിച്ചു നൽകുന്നതിനായി സർക്കാരിലേക്ക് പുനർ നിക്ഷിപ്തമാക്കേണ്ട നടപടി സ്വീകരിക്കേണ്ടത് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുമാണ്.

(ബി) തോട്, പുഴ പുറമ്പോക്കുകളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് നിലവിലുള്ള ചട്ടങ്ങൾ അനുവദിക്കുന്നില്ല. പട്ടയം നൽകുവാൻ ചട്ടങ്ങൾ ഭേദഗതി ചെയ്യേണ്ടതുണ്ട്. എങ്കിലും ഇത്തരം ഭൂമിയിൽ താമസിക്കുന്നവർക്ക് വാട്ടർ, വൈദ്യുതി കണക്ഷനുകൾ എടുക്കുന്നതിനും റേഷൻ കാർഡ് മുതലായവ ലഭിക്കുന്നതിനും നിബന്ധനകൾക്ക് വിധേയമായി കൈവശരേഖ നൽകിവരുന്നു.

(സി) ലഭിച്ചിട്ടുണ്ട്.

(ഡി) ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിന്മേൽ നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും, കോടതിവിധികൾക്കും വിധേയമായി കൈവശാവകാശരേഖ നൽകുന്നതിന് അനുവാദം നൽകിവരുന്നു.

കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ സൗജന്യ യാത്ര

17 (*557) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എം. ജെ. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾ ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യ യാത്ര അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നയം എന്താണ് ;

(ബി) ഇപ്പോൾ ഏതെല്ലാം വിഭാഗങ്ങൾക്കാണ് പൂർണ്ണമായി സൗജന്യ യാത്ര അനുവദിച്ചിട്ടുള്ളത് ;

(സി) അന്ധർ, ബധിരർ, മൂകർ എന്നിവർക്ക് സൗജന്യ യാത്ര അനുവദിക്കുന്നതിന്റെ നിബന്ധനകൾ എന്തെല്ലാമാണ് ;

(ഡി) വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകുന്ന ഇനത്തിൽ പ്രതിവർഷം എന്തു തുകയുടെ ബാദ്ധ്യത കോർപ്പറേഷൻ ഏറ്റെടുക്കുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ഇ) സാമൂഹ്യ ക്ഷേമത്തിന്റെ പേരിൽ ഇപ്രകാരം എത്ര കോടി രൂപയുടെ ബാദ്ധ്യത കോർപ്പറേഷന് ഉണ്ടാകുന്നു എന്ന് വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത തുക സർക്കാരിൽ നിന്നും ലഭിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) :

(എ & ബി) എം.എൽ.എ.-മാർ, മുൻ എം.എൽ.എ.-മാർ, മുൻ മന്ത്രിമാർ, അർജ്ജുനാ അവാർഡ് ജേതാക്കൾ, 70 വയസ്സിനുമേൽ പ്രായമുള്ള മുൻ എം. എൽ.എ.-മാരെ അനുഗമിക്കുന്നവർ, കെ.എസ്.ആർ.ടി.സി. മുൻ ഡയറക്ടർ ബോർഡ് അംഗങ്ങൾ, അന്ധർ, സ്വാതന്ത്ര്യസമര സേനാനികൾ, അവരുടെ വിധവകൾ തുടങ്ങിയവർക്ക് പൂർണ്ണമായി സൗജന്യയാത്ര അനുവദിച്ചുവരുന്നു. കൂടാതെ ജീവനക്കാർക്ക് നിബന്ധനകൾക്ക് വിധേയമായി പാസ് അനുവദിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ സൗജന്യം അനുവദിക്കുവാൻ നിർവ്വാഹമില്ല.

(സി) രണ്ട് കണ്ണുകൾക്കും 100% അന്ധതയുള്ളവർക്കും, 50%-മോ അതിലധികമോ വൈകല്യമുള്ള ബധിര -മൂകർക്കും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ യാത്രാ പാസ് അനുവദിക്കാറുണ്ട്.

(ഡി) വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റ് നൽകുന്ന ഇനത്തിൽ കെ. എസ്.ആർ.ടി.സി.ക്ക് പ്രതിവർഷം ശരാശരി അമ്പത് (50) കോടി രൂപയുടെ ബാദ്ധ്യത ഉണ്ടാകുന്നുണ്ട്.

(ഇ) 2007-08 കാലയളവിൽ 105.05 കോടി രൂപയും, 2008-09 കാലയളവിൽ 117.60 കോടി രൂപയുടെയും നഷ്ടം സാമൂഹിക ക്ഷേമത്തിന്റെ പേരിൽ കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടായിട്ടുണ്ട്.

(എഫ്) സാമൂഹിക പ്രതിബദ്ധതയുടെ പേരിൽ കെ.എസ്.ആർ.ടി.സി. ക്കുണ്ടാകുന്ന നഷ്ടം നികത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly